സുനാമിയെ തുടർന്ന് കായലുകളിലും പുഴകളിലും ജലനിരപ്പ് ഉയർന്നതുമൂലമുള്ള നാശനഷ്ടങ്ങൾ

74 [2684] ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. എ. സി. ഷൺമുഖദാസ്:
ഡോ. കെ. സി. ജോസഫ്:
ശ്രീ. സി. കെ. നാണു:
,, കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമിയെത്തുടർന്ന് അഴിമുഖങ്ങളിൽ എത്തിച്ചേരുന്ന പുഴകളിലും കായലുകളിലും ജലനിരപ്പ് ഉയർന്നതിനെത്തുടർന്നുണ്ടായ നഷ്ടം ജലവിഭവ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പുഴയോരങ്ങളിൽ മണ്ണ് ഇടിയുകയും കടത്തുജട്ടികൾ തകരുകയും ചെയ്തതിന്റെ ഫലമായി എത്ര രൂപയുടെ നഷ്ടം സംഭവിച്ചതായി കണക്കാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഇത്തരത്തിലുള്ള നാശനഷ്ടങ്ങൾക്ക് പരിഹാരം കാണാൻ സുനാമി ഫണ്ടിൽ നിന്നും ജലവിഭവ വകുപ്പിന് എന്ത് തുക ലഭിച്ചു എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 10.2 കോടി രൂപ.

(സി) പെരിയാർ തീരത്തുള്ള അഴീക്കോട്, ചെല്ലിവാരിക്കളയുന്നതിന് 5.50 ലക്ഷം രൂപയുടെ പ്രവൃത്തിക്കും, അന്ധകാരനഴി നോർത്ത് റഗുലേറ്റർ മുതൽ ചാപ്പക്കടവു വരെ പൊഴിയുടെ ആഴം കൂട്ടാൻ 12 ലക്ഷം രൂപയുടെ പ്രവൃത്തിക്കും, അന്ധകാരനഴി സൗത്ത് റഗുലേറ്റർ മുതൽ തങ്കിചർച്ച് വരെ പൊഴിയുടെ ആഴം കൂട്ടാൻ 14.90 ലക്ഷം രൂപയുടെ പ്രവൃത്തിക്കും അനുമതി നൽകിയിട്ടുണ്ട്.

അച്ചൻകോവിലാറിന്റെ തീരം സംരക്ഷിക്കുന്നതിന് പദ്ധതി

75 [2685] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം നിയോജകമണ്ഡലത്തിലെ തുമ്പമൺ പഞ്ചായത്ത് മുതൽ തഴക്കര പഞ്ചായത്തുവരെയുള്ള അച്ചൻകോവിലാറിന്റെ തീരം സംരക്ഷിക്കുന്നതിന് എത്ര പദ്ധതികൾ നാളിതുവരെ അനുവദിച്ചു എന്നും എത്ര തുക ചെലവാക്കിയെന്നും വെളിപ്പെടുത്താമോ;

(ബി) ഈ പ്രദേശത്തേക്ക് പുതുതായി എത്ര പദ്ധതികൾ നടപ്പാക്കുന്നു എന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഒരു പദ്ധതി അനുവദിച്ചിട്ടുണ്ട്. ഏഴു ലക്ഷം രൂപ അടങ്കൽ തുകയുള്ള, ശാസ്താ ക്ഷേത്രത്തിനു സമീപം അച്ചൻ കോവിലാറിൽ തടയണയും, കമ്പിവേലി നിർമ്മാണവും പദ്ധതിയാണ് നടപ്പിലാക്കിയത്.

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ പുതിയ പദ്ധതികൾ നടപ്പിലാക്കാൻ നിർവ്വാഹമുള്ളൂ.

ഭൂജല വകുപ്പിന്റെ ഗ്ലോബൽ പൊസഷ്നിംഗ് സിസ്റ്റം

76 [2686] ശ്രീ. ജോണി നെല്ലൂർ:
,, ടി. എം. ജേക്കബ്:
,, ആർ. ബാലകൃഷ്ണപിള്ള:
,, കെ. ബി. ഗണേഷ്കുമാർ:
,, ഷിബു ബേബി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂജല വകുപ്പിൽ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (ജി. പി. എസ്.) വാങ്ങിയിട്ടുണ്ടോ; എങ്കിൽ എന്ന്;

(ബി) ഇതിന്റെ അടിയന്തിരാവശ്യം എന്തെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി ടെണ്ടർ വിളിച്ചിരുന്നോ;

(ഡി) എങ്കിൽ ഏതെല്ലാം കമ്പനികൾ ടെണ്ടർ നൽകിയിരുന്നു എന്നും ആർക്കാണ് ടെണ്ടർ ഉറപ്പിച്ചത് എന്നും വെളിപ്പെടുത്തുമോ;

(ഇ) ടെണ്ടർ തുക എത്രയായിരുന്നു; തുക മുഴുവനും നൽകിയിട്ടുണ്ടോ; ഇതിന്റെ നിലവിലുള്ള മാർക്കറ്റ് വിലയെത്രയെന്ന് വ്യക്തമാക്കുമോ;

(എഫ്) ഇതിന്റെ ഗുണനിലവാരം പരിശോധിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്. 29.4.2005-ലാണ് ഭൂജല വകുപ്പിന് ലഭിച്ചത്.

(ബി) ഹൈഡ്രോളജി പ്രൊജക്ടിന്റെ ഭാഗമായി ഭൂജല വകുപ്പ് ഭൂജല സമ്പത്തിന്റെ 'സിസ്റ്റമാറ്റിക് ഡാറ്റാ ബേസ്' തയ്യാറാക്കുകയാണ്. ഇതിനുവേണ്ടി പ്രത്യേകം രൂപകൽപ്പന ചെയ്ത 'ജെം' എന്ന സോഫ്റ്റ്വെയർ വകുപ്പിന്റെ പക്കലുണ്ട്. നിലവിലുള്ളതും പുതുതായി നിർമ്മിക്കുന്നതുമായ പീസോമീറ്ററുകളുടേയും മറ്റും സൂക്ഷ്മമായ സ്ഥാന വിവരങ്ങൾ (അക്ഷാംശവും രേഖാംശവും ഡെപ്ത്തും ലെവൽ മുതലായവ) ഇതിലുൾപ്പെടുത്തേണ്ടത് ആവശ്യമാണ്. അതിനാലാണ് വളരെ ആധുനികവും സൂക്ഷ്മവും കൃത്യവുമായ നിരീക്ഷണ സൗകര്യങ്ങളുമുള്ള ജി. പി. എസ്. റിസീവറും മറ്റ് അനുബന്ധ ഉപകരണങ്ങളും വകുപ്പ് കരസ്ഥമാക്കിയത്.

(സി) ടെണ്ടർ വിളിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly